بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 24.05.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*24.05.2019ന് മുബാറക്ക് മോസ്ക്, ഇസ്ലാമാബാദ്, യു.കെയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽ നിന്ന് ഫലം കരസ്ഥമാക്കുന്നതിനായി ഇബാദത്തുകളെ സംരക്ഷിക്കുക മാത്രമല്ല, ഭൗതികാഗ്രഹങ്ങളുടെ ശിർക്കിൽ നിന്നും രക്ഷനേടുകയും കാലത്തിന്റെ ഖലീഫയോട് പരിപൂർണ അനുസരണം പുലർത്തുകയും ചെയ്യേണ്ടത് നിർബന്ധമാണ്. അല്ലാത്തപക്ഷം ധിക്കാരികളായി ഗണിക്കപ്പെടുന്നതാണ്.**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ﴿٢﴾ الرَّحْمٰنِ الرَّحِيْمِ ﴿٣﴾ مٰلِكِ يَوْمِ الدِّيْنِ ﴿٤﴾ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ﴿٥﴾
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ﴿٦﴾ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ﴿٧﴾

اِنَّمَا كَانَ قَوْلَ الْمُؤْمِنِيْنَ اِذَا دُعُوْٓا اِلَى اللّٰهِ وَرَسُوْلِهٖ لِيَحْكُمَ بَيْنَهُمْ
اَنْ يَّقُوْلُوْا سَمِعْنَا وَاَطَعْنَا ؕ وَاُولٰٓئِكَ هُمُ الْمُفْلِحُوْنَ ﴿٥٢﴾ وَمَنْ يُّطِعِ اللّٰهَ
وَرَسُوْلَهٗ وَيَخْشَ اللّٰهَ وَيَتَّقْهِ فَاُولٰٓئِكَ هُمُ الْفَآئِزُوْنَ ﴿٥٣﴾ وَاَقْسَمُوْا بِاللّٰهِ جَهْدَ
اَيْمَانِهِمْ لَئِنْ اَمَرْتَهُمْ لَيَخْرُجُنَّ ؕ قُلْ لَّا تُقْسِمُوْا ۚ طَاعَةٌ مَّعْرُوْفَةٌ ؕ
اِنَّ اللّٰهَ خَبِيْرٌۢ بِمَا تَعْمَلُوْنَ ﴿٥٤﴾ قُلْ اَطِيْعُوا اللّٰهَ وَاَطِيْعُوا الرَّسُوْلَ ۚ فَاِنْ تَوَلَّوْا
فَاِنَّمَا عَلَيْهِ مَا حُمِّلَ وَعَلَيْكُمْ مَّا حُمِّلْتُمْ ؕ وَاِنْ تُطِيْعُوْهُ تَهْتَدُوْا ؕ وَمَا عَلَى
الرَّسُوْلِ اِلَّا الْبَلٰغُ الْمُبِيْنُ ﴿٥٥﴾ وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ
لَيَسْتَخْلِفَنَّهُمْ فِى الْاَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ ۖ وَلَيُمَكِّنَنَّ لَهُمْ دِيْنَهُمُ
الَّذِى ارْتَضٰى لَهُمْ وَلَيُبَدِّلَنَّهُمْ مِّنْۢ بَعْدِ خَوْفِهِمْ اَمْنًا ؕ يَعْبُدُوْنَنِىْ لَا
يُشْرِكُوْنَ بِىْ شَيْئًا ؕ وَمَنْ كَفَرَ بَعْدَ ذٰلِكَ فَاُولٰٓئِكَ هُمُ الْفٰسِقُوْنَ ﴿٥٦﴾ وَاَقِيْمُوا الصَّلٰوةَ
وَاٰتُوا الزَّكٰوةَ وَاَطِيْعُوا الرَّسُوْلَ لَعَلَّكُمْ تُرْحَمُوْنَ ﴿٥٧﴾ لَا تَحْسَبَنَّ الَّذِيْنَ كَفَرُ
وْا مُعْجِزِيْنَ فِى الْاَرْضِ ۚ وَمَاْوٰهُمُ النَّارُ ؕ وَلَبِئْسَ الْمَصِيْرُ ﴿٥٨﴾

തശഹുദും തഅവ്വുദും സൂറാ ഫാത്തിഹയും ഓതിയതിന് ശേഷം ഹുസൂർ അൻവർ സൂറ അന്നൂറിലെ 52 മുതൽ 58 വരെയുള്ള ആയത്തുകൾ തിലാവത്ത് ചെയ്തു. അതിനുശേഷം ഇപ്രകാരം പറഞ്ഞു:

ഞാൻ പാരായണം ചെയ്ത ആയത്തുകൾ സൂറ അന്നൂറിലെ ആയത്തുകളാണ്. അതായത് ഏതൊരു വചനത്തിലാണോ ഖിലാഫത്ത് വ്യവസ്ഥിതി തുടരുന്നതിനെ കുറിച്ചുള്ള വാഗ്ദാനം വിശ്വാസികൾക്ക് നല്കിയിരിക്കുന്നത്, അതിന്റെ മുന്നിലും പിന്നിലുമുള്ള ആയത്തുകളാണ് അവ. ഈ എല്ലാ ആയത്തുകളിലും അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുന്നതിലേക്കും കല്പനകൾ പാലിക്കുന്നതിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. ഇതുണ്ടായാൽ അല്ലാഹു ഖിലാഫത്താകുന്ന അനുഗ്രഹം നല്കുമെന്ന വാഗ്ദാനവും പൂർത്തീകരിക്കുന്നതാണ്. അല്ലാഹു ഭയത്തിന്റെ അവസ്ഥയെ സമാധനമാക്കി മാറ്റുന്നതും ശത്രുക്കളെ, അവരുടെ പര്യവസാനം വരെ എത്തിക്കുകയും ചെയ്യുന്നതാണ്. ഈ ആയത്തുകളുടെ അർഥം ഇപ്രകാരമാണ്:

വിശ്വാസികൾക്കിടയിൽ (വല്ലകാര്യത്തിലും) തീരുമാനം കല്പ്പിക്കുവാനായി അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും അവർ വിളിക്കപ്പെട്ടാൽ, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തു എന്നു പറയുക മാത്രമായിരിക്കും അവരുടെ മറുപടി. അവർ തന്നെയാണ് വിജയികൾ. ആരെങ്കിലും അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും അവനെ സൂക്ഷിക്കുകയും ചെയ്യുന്നതായാൽ അവർ തന്നെയാണ് വിജയികൾ. നീ അവരോട് ആജ്ഞാപിക്കുന്നതായാൽ തീർച്ചയായും ഞങ്ങൾ അക്കാര്യം നടപ്പിലാക്കുന്നതിനായി പുറപ്പെടുന്നതാണ് എന്ന് അല്ലാഹുവിനെ മുൻനിറുത്തി അവർ ദൃഢപ്രതിജ്ഞ ചെയ്യുന്നു. പറയുക. നിങ്ങൾ സത്യം ചെയ്യേണ്ട, സാധാരണനിലയിൽ അറിയപ്പെട്ട അനുസരണമാണ് (ഞാൻ ആവിശ്യപ്പെടുന്നത്). തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു നല്ലത് പോലെ അറിയുന്നവനാകുന്നു. പറയുക, അല്ലാഹുവിനെ അനുസരിക്കുക, അവന്റെ ദൂതനെയും അനുസരിക്കുക. ഇനി നിങ്ങൾ പിന്തിരിഞ്ഞുപോകുന്നതായാൽ അദ്ദേഹത്തെ ചുമതലപ്പെടുത്തിയത് മാത്രമേ അദ്ദേഹത്തിന് ബാധകമാകുകയുള്ളൂ. നിങ്ങളെ ചുമതലപ്പെടുത്തിയത് നിങ്ങൾക്കും ബാധകമാണ്. നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുന്നതായാൽ നിങ്ങൾ നേർമാർഗം പ്രാപിക്കും. വ്യക്തമായ നിലയിൽ സന്ദേശം എത്തിക്കുകയല്ലാതെ ദൈവദൂതന് വേറെ ഒരു ബാധ്യതയുമില്ല. നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർക്ക് മുമ്പുണ്ടായിരുന്നവരെ ഖലീഫമാരാക്കിയത് പോലെ അവരെയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി താൻ തൃപ്തിപെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തി കൊടുക്കുകയും അവരുടെ ഭയത്തിന് ശേഷം അവരെ സമാധാനത്തിൽ ആക്കുകയും ചെയ്യുവെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. ഇതിന് ശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് കടുത്ത ധിക്കാരികൾ. നിങ്ങൾ നമസ്കാരം നിലനിർത്തുകയും സക്കാത്ത് നല്കുകയും ദൈവദൂതനെ

അനുസരിക്കുകയും ചെയ്യുക. നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിന് വേണ്ടി. അവിശ്വാസികൾ ഭൂമിയിൽ (നമ്മെ) പരാജയപ്പെടുത്തിക്കളയുമെന്ന് നീ ധരിക്കരുത്. അവരുടെ സങ്കേതം നരകമാണ്. അത് ഏറ്റവും മോശപ്പെട്ട സങ്കേതമാകുന്നു.

എല്ലാ കാര്യവും അല്ലാഹു വ്യക്തമായി പറഞ്ഞിരിക്കുന്നു. നിങ്ങൾ വിശ്വാസികളാണെന്നും വിശ്വാസം കൈകൊണ്ടവരാണെന്നും ആയിരം തവണ വാദം ഉന്നയിച്ചാലും ശരി, എല്ലാ പരീക്ഷണങ്ങളിലും എല്ലാ പ്രയാസങ്ങളിലും സ്ഥിരചിത്തരായിക്കൊണ്ട് അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനകളെ ഹൃദയസാന്നിദ്ധ്യത്തോടും ദൃഢബോധത്തോടും കൂടി നിർവഹിക്കുന്നതുവരെ നിങ്ങൾ വിജയം കരസ്ഥമാക്കുകയില്ല. അതുകൊണ്ട് യഥാർഥ വിജയവും ലക്ഷ്യവും കരസ്ഥമാകുന്നതിനു വേണ്ടി അല്ലാഹുവിനെയും അവന്റെ റസൂലിനെയും പരിപൂർണമായി അനുസരിക്കേണ്ടത് നിർബന്ധമാണ്. ഇനി നാമൊന്ന് പരിശോധിക്കുന്നതായാൽ, മിക്ക സാഹചര്യത്തിലും അനുസരണത്തിന് ഉതകുന്ന ആ നിലവാരം കാണാൻ സാധിക്കുകയില്ല.

ആ ആയത്തുകളിൽ എത്ര തവണയാണ് അനുസരണത്തിനായി കല്പന നല്കിയിരിക്കുന്നത്. ഇത് ഖിലാഫത്ത് നിലനില്കുമെന്ന വാഗ്ദാനത്തോടൊപ്പം വന്നിരിക്കുന്ന കാര്യമാണ്. യഥാർത്ഥത്തിൽ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനകൾ അനുസരിക്കുന്നതിന്റെ ഒരു ഭാഗം തന്നെയാണ് ഖിലാഫത്ത് വ്യവസ്ഥിതി. അതാണ് അല്ലാഹു പറയുന്നത്. അതുകൊണ്ട് ഖിലാഫത്തിൽ നിന്ന് വരുന്ന കാര്യങ്ങൾ അനുസരിക്കുകയെന്നത് അല്ലാഹുവിന്റെ കല്പനകളിൽ ഉൾപ്പെട്ട ഒരു കല്പനയാകുന്നു. നബി(സ)തിരുമേനി പറയുന്നു: ആരാണ് ഞാൻ നിയമിച്ച അമീറിനെ അനുസരിക്കുന്നത് അവൻ എന്നെ അനുസരിച്ചു. എന്നെ അനുസരിക്കുന്നവർ പിന്നെ അല്ലാഹുവിനെ അനുസരിച്ചു. എന്നാൽ കാലത്തിന്റെ ഖലീഫയെ അനുസരിക്കുകയെന്നത് സാധാരണ ഒരു അമീറിനെ അനുസരിക്കുന്നതിനെക്കാളും വളരെയധികം നിർബന്ധമാകുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: ചില ജമാഅത്ത് സദറുമാരെ സംബന്ധിച്ച്, അവർ ജൂണിൽ കാലാവധി കഴിയുന്നതിന് മുമ്പ് തന്നെ അവരുടെ ജോലി ഉപേക്ഷിച്ചിരിക്കുന്നതായി എനിക്ക് അറിയാൻ കഴിഞ്ഞു. തങ്ങൾ സ്ഥിരമായി ഭാരവാഹിയായി തുടരേണ്ടവരാണെന്ന് കരുതിയാണോ ഇതുവരെ ജോലിചെയ്തിരുന്നത്? അത്തരം ചിന്തകൾ ദീനീപരമായ ജോലിയിലുള്ള വഞ്ചനയാകുന്നു. ഇത് ധിക്കാരപരമായ ചിന്തയാകുന്നു. ഇത് ഖിലാഫത്തിനോടുള്ള അനുസരണത്തിന്റെ വൃത്തത്തിൽ നിന്ന് സ്വയം തന്നെ പുറത്താക്കുന്ന കാര്യമാകുന്നു. കാരണം, ഇപ്പോൾ കാലത്തിന്റെ ഖലീഫ ഈ നിയമത്തിനാണ് അനുവാദം നല്കിയിരിക്കുന്നത്. അതായത് സദറിന്റെ കാലാവധി ആറ് വർഷമാണ്. അതുകൊണ്ട് ഞങ്ങളും ഇനി പൂർണ ആത്മാർഥതയോടെ ജോലി ചെയ്യുകയില്ല. അങ്ങനെയുള്ള ആളുകൾ, തഖ്‌വയോടെ പ്രവർത്തിക്കേണ്ടതാണ്. അല്ലാഹുവിനെ ഭയപ്പെടേണ്ടതാണ്. നബി(സ)തിരുമേനി ഒരവസരത്തിൽ, ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ശരി, കേൾക്കുകയും അനുസരിക്കുകയും ചെയ്യുമെന്ന കാര്യത്തിനായി ബയ്അത്ത് വാങ്ങിയിരുന്നു. പിന്നീട് അവിടുന്ന് പറഞ്ഞു: അല്ലാഹുവിന്റെ അനുസരണത്തിൽ നിന്ന് കൈ വലിക്കുന്നവൻ ഖിയാമത്ത് നാളിൽ യാതൊരു തെളിവും ഒഴിവും പറയാൻ സാധിക്കാത്ത വിധത്തിൽ അല്ലാഹുവിനെ കണ്ടുമുട്ടും. ഇനി കാലത്തിന്റെ ഇമാമിനെ ബയ്അത്ത് ചെയ്യാത്ത അവസ്ഥയിൽ ആരാണോ മരണപ്പെടുന്നത്, അവൻ ജഹാലത്തിന്റെയും വഴികേടിന്റെയും മരണം വരിച്ചിരിക്കുന്നു. അതുകൊണ്ട് നാം സൗഭാഗ്യരാണ്. കാരണം, നാം കാലത്തിന്റെ ഇമാമിൽ ബൈഅത്തു ചെയ്തു കൊണ്ട് ജാഹലീങ്ങളിൽ ഉൾപ്പെട്ടില്ല. ഇനി ഇമാമിനെ അംഗീകരിച്ചിട്ടും നമ്മുടെ കർമങ്ങൾ ജഹാലത്ത്പരമാണെങ്കിൽ അത് കർമപരമായ നിലയിൽ ആ ബയ്അത്തിൽ നിന്ന് സ്വയം തന്നെ പുറത്താക്കുന്ന സംഗതിയാകുന്നു. അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള അനുസരണത്തിൽ നിന്ന് പുറത്ത് പോകുന്ന കാര്യമാകുന്നു. ആയതിനാൽ ബയ്അത്തിന് ശേഷവും തങ്ങളുടെ ചിന്തകൾ ശരിയായ ദിശയിലാക്കി വെക്കുകയും പരിപൂർണ അനുസരണത്തിന്റെ മാതൃക പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതു നിർബന്ധമാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹുവിന്റെ തൃപ്തി കരഗതമാകുന്നതിന് സത്യഹൃദയത്തോടെ എല്ലാ ഒരോ കല്പനയും അനുസരിക്കുക. ബയ്അത്ത് ചെയ്തതിന് ശേഷം മുമ്പുള്ള ആളല്ല ഇപ്പോഴെന്ന് ശത്രുക്കൾ പോലും തിരിച്ചറിയുമാറാകണം. കേസുകളിൽ സത്യസാക്ഷ്യം നല്കുക. ഈ ജമാഅത്തിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർ, പൂർണ ആത്മവിശ്വാസത്തോടെ മുഴുവൻ ജീവിതത്തിലും സത്യത്തെ മുറകെ പിടിക്കേണ്ടതാണ്.

പിന്നീട് അല്ലാഹു പറയുന്നത്, ഈ ആളുകൾ വലിയ സത്യങ്ങൾ ചെയ്യുന്നു. കല്പന നല്കുന്നതായാൽ, ഞങ്ങൾ അത് ചെയ്യുന്നതാണ്. ഞങ്ങൾ ഇത് ചെയ്യുന്നതാണ് എന്നും പറയുന്നു. എന്നാൽ കല്പന നല്കുമ്പോഴോ? അവർ അത് പൂർണമായി നിർവഹിക്കുകയില്ല. അതുകൊണ്ട് അല്ലാഹു പറയുന്നു: നിങ്ങൾ അധികമായി സത്യം ചെയ്യാതിരിക്കുക. വലിയ വലിയ വാഗ്ദാനങ്ങൾ നല്കാതിരിക്കുക. എന്നാൽ നിങ്ങൾ സാധാരണനിലയിലുള്ള അനുസരണം മാത്രം കാണിക്കുക. പൊതുവിൽ അറിയപ്പെടുന്ന അനുസരണം കാണിക്കുന്നതായാൽ നിങ്ങൾ കല്പന അംഗീകരിച്ചിരിക്കുവെന്ന് നാം മനസ്സിലാക്കുന്നതാണ്. അല്ലെങ്കിൽ അത് വെറും പൊള്ളയായ വാദങ്ങൾ മാത്രമാകുന്നു. അല്ലാഹു നിങ്ങളുടെ കർമങ്ങളെ കുറിച്ചും നല്ലത് പോലെ അറിയുന്നവനാണ്. നിങ്ങളുടെ ഹൃദയാവസ്ഥയെ കുറിച്ചും അവൻ അറിയുന്നു. അതുകൊണ്ട് പൊതുവിലുള്ള അനുസരണം എന്നാൽ, അല്ലാഹുവിനോടുള്ള കടമ പൂർത്തിയാക്കുകയും ആരാധനകൾ ഭംഗിയായി നിർവഹിക്കുകയും ചെയ്യുക എന്നതാണ്.

ഈ ദിവസങ്ങളിൽ, റമദാനിൽ ഉണ്ടായിട്ടുള്ള പ്രത്യേക ശ്രദ്ധ അത് തുടർന്നു കൊണ്ടിരിക്കുക; അതിനെ നിലനിർത്തുകയും ചെയ്യുക. അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് കൊണ്ട് അവന്റെ ദാസരുടെ കടമകളും നിർവഹിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നതു പോലെ

എല്ലാവിധ കുഴപ്പങ്ങളിൽ നിന്നും രക്ഷ പ്രാപിക്കുക. എല്ലാവിധത്തിലുള്ള തിന്മകളിൽ നിന്നും കലഹങ്ങളിൽ നിന്നും രക്ഷ നേടുക. നിങ്ങളുടെ ധാർമികാവസ്ഥയെ മെച്ചപ്പെടുത്തുക. അഹ്മദിയും അനഹ്മദിയും തമ്മിലുള്ള വ്യത്യാസം പ്രകടമാകുന്ന രീതിയിൽ ഉന്നത ധാർമികാവസ്ഥ സ്വായത്തമാക്കുക. എപ്പോഴും സത്യത്തിൽ നിലകൊള്ളുക. അതായത്, എല്ലാവിധ നന്മകളും നിർവഹിക്കേണ്ടത് നിർബന്ധമാകുന്നു. അതാണ് മഅ്റൂഫായ അനുസരണം. അത് ചെയ്യാനാണ് അല്ലാഹു കല്പിക്കുന്നത്. അതിനെ കുറിച്ച് റസൂലുല്ലാഹ്(സ) തിരുമേനിയും കല്പന നല്കിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദും ഇതേ ആഗ്രഹം തന്നെ പ്രകടിപ്പിക്കുകയും കല്പന നല്കുകയും ചെയ്തിരിക്കുന്നു. അഹ്മദിയ്യാ ഖിലാഫത്തും 111 വർഷമായി ഈകാര്യങ്ങൾ ചെയ്യുന്നതിലേക്കാണ് ശ്രദ്ധയും ക്ഷണിച്ച് കൊണ്ടേയിരിക്കുന്നത്. അല്ലാഹുവിനോടും അവന്റെ റസൂൽ(അ)നോടും ഉള്ള അനുസരണത്തിൽ, ശരീഅത്തും സൂന്നത്തും അനുസരിച്ചു തന്നെയാണ് ഖിലാഫത്തിൽ നിന്നും കല്പനകൾ നല്കപ്പെടുന്നതും നല്കികൊണ്ടിരിക്കുകയും ചെയ്യുന്നുവെന്ന കാര്യം എപ്പോഴും ഓർക്കേണ്ടതാണ്. അനുസരിക്കുന്നുവെങ്കിൽ നേർമാർഗം പ്രാപിക്കുമെന്നാണ് അല്ലാഹു പറഞ്ഞിട്ടുള്ളത്. അതല്ലാതെ ഇതിനെ വിട്ട് മറ്റുമാർഗവും മോക്ഷത്തിനായി ഇല്ല.

ഹുസൂർ തിരുമനസ്സ് പറയുന്നു: അതുകൊണ്ട് ഇനി ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽ നിന്ന് ഫലം കരസ്ഥമാക്കുന്നതിനായി ഇബാദത്തുകളെ സംരക്ഷിക്കണമെന്നു മാത്രമല്ല, ഭൗതികാഗ്രഹങ്ങളുടെ ശിർക്കിൽ നിന്നും രക്ഷനേടുകയും കാലത്തിന്റെ ഖലീഫയോട് പരിപൂർണ അനുസരണം കാണിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. അല്ലാത്തപക്ഷം ധിക്കാരികളായി ഗണിക്കപ്പെടുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത് പോലെ, പിന്നെ ബയ്അത്തിൽ നിന്നും പുറത്ത് പോകുന്നതുമാണ്. അതിനാൽ, അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനായി സ്വന്തം അവസ്ഥകളെ ശരിയാക്കി വെക്കേണ്ടതും നിർബന്ധമാണ്. അങ്ങനെ അല്ലാഹുവിന്റെ കാരുണ്യം, തന്റെ റഹ്മാനിയ്യത്തിന്റെയും റഹീമിയ്യത്തിന്റെയും പുതപ്പിൽ നമ്മളെ പ്രവേശിപ്പിച്ച് ശത്രുക്കളുടെ കുതന്ത്രങ്ങളെ അവരിലേക്ക് തന്നെ മടക്കുകയും അവരെ ഏറ്റവും മോശമായ പര്യവസാനത്തിൽ എത്തിക്കുകയും ചെയ്യുന്നതാണ്, ഇൻശാ അല്ലാഹ്.

ഇനി ഞാൻ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ചില കാര്യങ്ങൾ സമർപ്പിക്കുന്നതാണ്. അതിൽ നിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിന് ശേഷം അസ്വസ്ഥജനകമായ ഏതെല്ലാം അവസ്ഥകളെ ജമാഅത്തിന് നേരിടേണ്ടതായിവന്നുവെന്നും എപ്രകാരമാണ് ഖിലാഫത്ത് അവർക്ക് സമാധാനം നല്കിയതെന്നും മനസ്സിലാകുന്നതാണ്.

അദ്ദേഹം പറയുന്നു: നബി(സ)തിരുമേനിയുടെ വഫാത്ത് സമത്തുണ്ടായിരുന്ന സഹാബത്തിന്റെ അവസ്ഥ തന്നെയായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്ത് സമയത്തുള്ള ജമാഅത്തിന്റെയും മാനസികാവസ്ഥ. ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്താവുക സാധ്യമല്ല എന്നായിരുന്നു ഞങ്ങൾ എല്ലാവരും മനസ്സിലാക്കിയിരുന്നത്. അതിന്റെ ഫലമായി, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വഫാത്ത് സംഭവിച്ചാൽ എന്തായിരിക്കും എന്ന ചിന്ത പോലും ഞങ്ങളുടെ മനസ്സിൽ ഒരു നിമിഷത്തേക്ക് പോലും ഉണ്ടായിരുന്നില്ല. കാരണം ഞങ്ങളുടെ അവസ്ഥ എപ്രകാരമെന്നാൽ, ഞങ്ങൾ മനസിലാക്കിയിരുന്നത്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഞങ്ങളുടെ മുന്നിൽ വഫാത്ത് സംഭവിക്കില്ലയെന്നാണ്. അങ്ങനെ അദ്ദേഹത്തിന് വഫാത്ത് സംഭവിച്ചപ്പോൾ, ഞങ്ങൾക്ക് അദ്ദേഹം വഫാത്തായിയെന്ന് അംഗീകരിക്കാൻ സാധിച്ചിരുന്നില്ല. അദ്ദേഹം എഴുതുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മൃതശരീരം ഖാദിയാനിലേക്ക് കൊണ്ട് വന്നു. അത് ഉദ്യാനത്തിലെ ഒരു ഭവനത്തിനുള്ളിൽവെച്ചു. അപ്പോൾ 8,9 മണി സമയമായിരുന്നു. ഖാജ കമാലുദ്ദീൻ സാഹിബ് ഉദ്യാനത്തിൽ എത്തി. എന്നെ ഒറ്റയ്ക്ക് മാറ്റി നിർത്തി പറഞ്ഞു, മിയാ! ഇനി ഹദ്റത്ത് സാഹിബിന്റെ വഫാത്തിന് ശേഷം എന്ത് സംഭവിക്കുമെന്ന് വല്ലപ്പോഴും ചിന്തിച്ചിട്ടുണ്ടോ? ഞാൻ പറഞ്ഞു: എന്തെങ്കിലും സംഭവിക്കേണ്ടത് തന്നെയാണ്. എന്നാൽ അതിനെ സംബന്ധിച്ച് എനിക്ക് ഒന്നും പറയാൻ സാധിക്കില്ല. അദ്ദേഹം പറഞ്ഞു: ഇനി നമ്മൾ എല്ലാവരും മൗലവി സാഹിബ്, അതായത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന് ബയ്അത്ത് ചെയ്യേണ്ടതാണ്. ഇതാണ് എന്റെ അഭിപ്രായം. അദ്ദേഹം പറയുന്നു: ആ സമയം പ്രായത്തിന്റെ അടിസ്ഥാനത്തിലും വായനശീലം കുറവായതിനാലും ഞാൻ പറഞ്ഞു: തനിക്ക് ശേഷം മറ്റാരെയെങ്കിലും ബയ്അത്ത് ചെയ്യണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) എവിടെയും എഴുതിയിട്ടില്ലല്ലോ? അതുകൊണ്ട് ഹദ്റത്ത് മൗലവി സാഹിബിനെ നാം എന്തിന് ബയ്അത്ത് ചെയ്യണം?. എഴുതുന്നു: അൽ വസിയ്യത്തിൽ ഇതിനെ കുറിച്ച് പ്രതിപാദിക്കുന്നുണ്ടെങ്കിലും എന്റെ ചിന്ത ആ ഭാഗത്തേയ്ക്ക് പോയില്ല. പിന്നെ ഖാജ സാഹിബ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയോട് പറഞ്ഞു: മൗലവി മുഹമ്മദ് അലി സാഹിബിന്റെയും അഭിപ്രായം ഇത് തന്നെയാണ്. എല്ലാ ജമാഅത്തംഗങ്ങളും മൗലവി സാഹിബിനെ ബയ്അത്ത് ചെയ്യണമെന്നാണ് അദ്ദേഹം പറയുന്നത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി പറയുന്നു: അവസാനം ആളുകളിൽ നിന്ന് ബയ്അത്ത് വാങ്ങണമെന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനോട് ജമാഅത്ത് ഐകകണ്ഠേന അപേക്ഷിച്ചു. അങ്ങനെ ആ ഉദ്യാനത്തിൽ എല്ലാ ആളുകളും ഒരുമിച്ച് കൂടി. അവിടെ ഖലീഫ അവ്വൽ ഒരു പ്രഭാഷണം നടത്തികൊണ്ട് പറഞ്ഞു: എനിക്ക് ഇമാമത്തിന്റെ യാതൊരു ആഗ്രഹവുമില്ല. മറ്റാരേയെങ്കിലും ബയ്അത്ത് ചെയ്യുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. എന്നാൽ ഞങ്ങൾ എല്ലാവരും ഒരുമിച്ച് അദ്ദേഹത്തോട് അപേക്ഷിച്ചു. ഖിലാഫത്ത് സ്ഥാനത്തിന് യോഗ്യൻ അദ്ദേഹമാണെന്ന് പറഞ്ഞു. അങ്ങനെ എല്ലാ ആളുകളും അദ്ദേഹത്തിൽ ബയ്അത്ത് ചെയ്തു. ഹുസൂർ തിരുമനസ്സ് പറയുന്നു; ചില നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഖാജ സാഹിബ് ഈ വിളംബരവും പ്രസിദ്ധീകരിച്ചിരുന്നു, അതായത് അൽ വസിയ്യത്ത് ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തി ൽ നാം ഒരു ഖലീഫയെ തിരഞ്ഞെടുക്കേണ്ടതാണ്. അതിനായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ പേരും നിർദ്ദേശിച്ചിരിക്കുന്നു. അങ്ങനെ

അവർ പ്രത്യക്ഷത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിൽ ബയ്അത്ത് ചെയ്തിരുന്നു. എന്നാൽ ഖിലാഫത്തിനോടുള്ള അനുസരണത്തിന്റെ ഏതൊരു സത്യസന്ധതമായ ആത്മാവാണോ ഉണ്ടാകേണ്ടിയിരുന്നത് അത് ഉണ്ടായിരുന്നില്ല. അതിനാൽ അൻജുമന് ഖിലാഫത്തിനു മേൽ എങ്ങനെ സ്ഥാനം നൽകാൻ സാധിക്കുമെന്നും അങ്ങനെ എല്ലാ അധികാരവും അൻജുമൻ വഴി സ്വന്തം കൈപ്പിടിയിൽ ഒതുക്കാം എന്നുമുള്ള പദ്ധതികളിലും ചിന്തകളിലുമായിരുന്നു അവർ കഴിഞ്ഞിരുന്നത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അദ്ദേഹത്തിന്റെ ഖിലാഫത്തിന് 15, 20 ദിവസമേ കഴിഞ്ഞിരുന്നുള്ളൂ, ഒരു ദിവസം മൗലവി മുഹമ്മദ് അലി സാഹിബ് എന്നെ കാണാൻ വന്നു. എന്നിട്ട് പറഞ്ഞു, മിയാൻ സാഹിബ്! നമ്മുടെ ജമാഅത്തിന്റെ സംവിധാനങ്ങൾ എപ്രകാരം നടക്കുമെന്ന് വല്ലപ്പോഴെങ്കിലും താങ്കൾ ചിന്തിച്ചിട്ടുണ്ടോ? ഞാൻ പറഞ്ഞു: അതിനെ കുറിച്ച് ചിന്തിക്കേണ്ട ആവശ്യം ഇപ്പോൾ എന്താണ്? നമ്മൾ ഹദ്റത്ത് മൗലവി സാഹിബിൽ ബയ്അത്ത് ചെയ്തതല്ലേ? അദ്ദേഹം പറഞ്ഞു: അത് ഗുരുശിഷ്യ ബന്ധമല്ലേ? ഇവിടെ ചോദ്യം, ഈ ജമാഅത്ത് സംവിധാനം എങ്ങനെ നടക്കുമെന്നതാണ്. ഞാൻ പറഞ്ഞു: എന്റെ അഭിപ്രായത്തിൽ ഈ കാര്യം ചിന്തിക്കേണ്ട ഒരാവിശ്യവുമില്ല. കാരണം, നാം ഒരു വ്യക്തിയിൽ ബയ്അത്ത് ചെയ്തിരിക്കുന്നു. അദ്ദേഹം ഈ കാര്യത്തെ കുറിച്ച്, അതായത് ഈ ജമാഅത്ത് സംവിധാനം എപ്രകാരം നിലനിർത്തണം എന്നത് അദ്ദേഹത്തിന് നല്ലപോലെ അറിയാം. നാം അതിൽ ഇടപെടേണ്ടതുണ്ടോ? അപ്പോൾ അദ്ദേഹം നിശബ്ദനായി. എന്നിട്ട് പറഞ്ഞു; ഇത് ചിന്തിക്കേണ്ട വിഷയമാണ്. അദ്ദേഹത്തിന് തൃപ്തി കൈവന്നിരുന്നില്ല. ഈ കാര്യത്തിൽ നിന്ന് അവരുടെ ഉള്ളിലിരുപ്പ് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അതായത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന് ചെയ്ത ബയ്അത്ത് മറ്റൊരു ലക്ഷ്യത്തിന് വേണ്ടിയുള്ളതായിരുന്നു. അത് ഹൃദയത്തോടെ ആയിരുന്നില്ല. അതുകൊണ്ട് ഹൃദയങ്ങൾക്ക് സമാധാനവും കൈവന്നിരുന്നില്ല. അവർ പരിപൂർണ്ണ അനുസരണത്തിന്റെ പരിധിക്കുള്ളിൽ നിൽക്കാൻ ആഗ്രഹിച്ചില്ല. ഈ ആത്മീയ സംവിധാനത്തെ ഭൗതിക സംവിധാനത്തെ പോലെ നടത്തികൊണ്ട് പോകാൻ അവർ ആഗ്രഹിച്ചു. പിന്നീട് അതിന്റെ ഫലം എന്ത് ഉണ്ടായി, ഇപ്പോൾ പേരിനുമാത്രമായി അവർ അവശേഷിച്ചു. അവരുണ്ടാക്കിയ സംവിധാനവും അവരെ പോലെ ആയി തീർന്നു. എന്നാൽ ഖിലാഫത്തിന്റെ തണലിൽ ഈ ജമാഅത്ത്, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്തിലെ 212 രാജ്യങ്ങളിൽ സ്ഥാപിതമായി കഴിഞ്ഞിരിക്കുന്നു.

അങ്ങനെ അല്ലാഹു ഖിലാഫത്തുമായി ചേർന്ന് നിന്ന ജമാഅത്തിന് പുരോഗതി നൽകികൊണ്ടിരിക്കുന്നു. ജമാഅത്ത് വ്യാപിച്ച് കൊണ്ടിരിക്കുന്നു. ലോകത്ത് വിദൂരരാജ്യങ്ങളിൽ താമസിക്കുന്നവരും ഖിലാഫത്തിനോട് ആത്മാർഥ ബന്ധം പുലർത്തിക്കൊണ്ട് അതിൽ മുന്നേറി കൊണ്ടിരിക്കുന്നു. അല്ലാഹു ഖിലാഫത്തിനോടും ജമാഅത്തിനോടും ബന്ധം പുലർത്തുന്നവർക്ക് മാർഗദർശനവും നല്കി കൊണ്ടിരിക്കുന്നു. അവരെ ഈ ഖിലാഫത്തിലേക്ക് കൊണ്ടുവരികയും ചെയ്യുന്നു.

ഹുസൂർ തിരുമനസ്സ് പറയുന്നു: കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഒരു കാര്യം പറയാൻ മറന്നു പോയി. അതായത് ഈ പള്ളിയുടെ തറക്കല്ല് സ്ഥാപിച്ചപ്പോൾ ഞാൻ കാനഡയിലേക്കുള്ള യാത്രയിലായിരുന്നു. എന്നാലും ഒരു കല്ല് ദുആ ചെയ്ത് എന്നിൽ നിന്ന് ഇവർ വാങ്ങിയിരുന്നു. ഈ പള്ളിയുടെ ശിലാസ്ഥാപന കർമ്മം, 2016 ഒക്ടോബർ 10 ന് ദുആയോട്കൂടി ബഹുമാനപ്പെട്ട ഉസ്മാൻ ചീനി സാഹിബ് മർഹൂമാണ് നിർവഹിച്ചത്. ഒരുവിധത്തിൽ നമുക്ക് ഇങ്ങനെയും പറയാം, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ചൈനക്കാരുടെയും പങ്ക് ഇതിലുണ്ട്. അതുകൊണ്ട് നാം ദുആ ചെയ്യുക, അല്ലാഹു ചൈനയിലും നമുക്ക് ഇസ്‌ലാമിനെ പെട്ടെന്ന് പ്രചരിപ്പിക്കാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ചൈനയിൽ അഹ്മദിയ്യത്ത് അഥവാ ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശം പ്രചരിക്കണമെന്നത് ബഹുമാന്യ ഉസ്മാൻ ചീനി സാഹിബിന്റെയും വലിയ ഒരു ആഗ്രഹമായിരുന്നു. അദ്ദേഹം എപ്പോഴും ഈയൊരു ചിന്തയിലായിരുന്നു. നാം അദ്ദേഹത്തിന്റെ പദവികൾ ഉയരുന്നതിന് വേണ്ടി ദുആ ചെയ്യുന്നതോടൊപ്പം ലോകത്തിലെ എല്ലാ രാജ്യങ്ങളിലും അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം പ്രചരിക്കുന്നതിന് വേണ്ടിയും ഒരുപാട് ദുആ ചെയ്യുക. അല്ലാഹു അതിന് തൗഫീഖ് നല്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَأْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَيَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 24.05.2019
Malayalam Translation : **Mou.Hashim Ashraf** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516